LIBRARY ARCHIVES Kerala Legislative Assembly

കഞ്ചിക്കോട് ബി.ഇ.എം.എൽ. പദ്ധതി

175 (5065) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ബി.ഇ.എം.എൽ. പദ്ധതിയുടെ രണ്ടാംഘട്ടം ഭൂമി നൽകിയാൽ ആരംഭിക്കാമെന്ന് കേന്ദ്രം വാഗ്ദാനം നൽകിയിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ആവശ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 600 ഏക്കർ ഭൂമി ഏറ്റെടുത്ത് ബി.ഇ.എം.എൽ.-ന് കൈമാറുന്നതിനുവേണ്ട നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

(സി) ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ബി.ഇ.എം.എൽ. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ സിൽക്കിന്റെ വികസനം

176 (5066) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ 'സിൽക്കി'ന്റെ ഇപ്പോഴത്തെ സാമ്പത്തിക നില എന്താണെന്ന് അറിയിക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയിടലിന്റെ വക്കിലെത്തിയ ഈ സ്ഥാപനത്തെ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് ;

(സി) സിൽക്കിന്റെ വികസനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിൽക്കിന്റെ കണ്ണൂർ ജില്ലയിലെ ഷിപ്പ് ബിൽഡിംഗ് യൂണിറ്റ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജലഗതാഗത വകുപ്പിനുവേണ്ടി നിരവധി യാത്രാബോട്ടുകളുടെയും, സംസ്ഥാന

ടൂറിസം/വനം വകുപ്പുകൾക്കായി ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണവും സിൽക്ക് അഴീക്കൽ യൂണിറ്റിന് ലഭിക്കുകയും അത് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഇപ്പോഴും ബോട്ടുകളുടെ നിർമ്മാണ പ്രക്രിയ നടന്നു വരുന്നു.. അതോടൊപ്പം കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികളും ഈ യൂണിറ്റ് ഏറ്റെടുത്ത് ചെയ്തുവരുന്നു.

(സി) ഈ യൂണിറ്റിന്റെ വികസനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ബാധകമല്ല.

കിനാലൂരിലെ ടെക്നോ സിറ്റിക്കായി മാറ്റിവച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്

177 (5067) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലിയിലെ കിനാലൂരിൽ ടെക്നോസിറ്റി നിർമ്മിക്കാനായി ഏതെങ്കിലും വിദേശ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ടെക്നോ സിറ്റിക്കായി മാറ്റിവച്ച സ്ഥലം ഇപ്പോൾ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

തേങ്ങയിടാനുള്ള യന്ത്രം

178 (5068) ശ്രീ. എം. ജെ. ജേക്കബ്:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേങ്ങയിടാനുള്ള യന്ത്രം നിർമ്മിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്മാന പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly